State Institute of Educational Technology (SIET)
General Education Department, Govt, of Kerala
Thiruvananthapuram

No.1302/SIET-S5/ET-Club/2026-27 | 1874 — 22/09/2026

സ്വീകർത്താവ്

ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം : എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ് (ET ക്ലബ്ബ്) രൂപീകരണം സംബന്ധിച്ച്.

സൂചന : നം. 6576/2022 GEDN - തിയതി 09.11.2022

മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ് വിദ്യാലയങ്ങളിൽ **എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ്** രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നിർദ്ദേശങ്ങൾ അങ്ങയുടെ ഓഫീസിൽനിന്നും ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലേക്കും നൽകുകയുണ്ടായി. എന്നാൽ ഭൂരിഭാഗം സ്കൂളുകളിലും ഇത്തരത്തിൽ ഇ.ടി ക്ലബ്ബ് രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഇ.ടി ക്ലബ്ബ് പ്രവർത്തനങ്ങൾ ഫലപ്രദമായി കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും നടപ്പാക്കാൻ പ്രയാസം നേരിടുന്നു. കേരളത്തിൽ എഡ്യൂക്കേഷൻ ടെക്നോളജി പ്രവർത്തനങ്ങൾ നടപ്പാക്കേണ്ട സംസ്ഥാന സർക്കാർ ഏജൻസി എസ്.ഐ.ഇ.ടി, കേരളം ആണെന്നിരിക്കെ ഇ.ടി.ക്ലബ്ബ് പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ആയതിനാൽ കേരളത്തിലെ യു.പി, എച്ച്.എസ്,എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ് വിഭാഗങ്ങൾ ഉള്ള എല്ലാ സ്ക്കൂളുകളിലും **19/10/2026 ന് മുമ്പായി** എസ്.ഐ.ഇ.ടി തയ്യാറാക്കി നൽകിയിട്ടുള്ള ഇ.ടി ക്ലബ്ബ് മാർഗനിർദ്ദേശപ്രകാരം ഇ.ടി ക്ലബ്ബ് രൂപീകരിക്കേണ്ടതാണ്. നിലവിൽ ഇ.ടി ക്ലബ്ബ് രൂപീകരിച്ചിട്ടുള്ള സ്ക്കൂളുകളിൽ അവയുടെ ഘടന എസ്.ഐ.ടി മാർഗരേഖയനുസരിച്ച് പുനർസംഘടിപ്പിക്കേണ്ടതുണ്ട്. ഈ നിർദ്ദേശങ്ങൾ എത്രയും വേഗം കേരളത്തിലെ എല്ലാ അംഗീകൃത പൊതുവിദ്യാലയങ്ങളിലും യു.പി, എച്ച്.എസ്,എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ യിൽ അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു.

അനുബന്ധം : ഇ.ടി ക്ലബ്ബ് രൂപീകരണം - സമഗ്രമാർഗ്ഗരേഖ 2026

വിശ്വാസപൂർവ്വം

ഡയറക്ടർ
എസ്.ഐ.ഇ.ടി

**T.SIBI MUHAMMED**
Director
State Institute of Educational Technology (SIET)
Dept. of General Education
Thiruvananthapuram

STATE INSTITUTE OF EDUCATIONAL TECHNOLOGY ★ KERALA ★ THIRUVANANTHAPURAM

**Copy to:**
Joint Director HSS
Deputy Director VHSE
All DDEs
All DIET Principals

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET), കേരളം

## എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ് (ET Club) രൂപീകരണം

# സമഗ്ര മാർഗ്ഗരേഖ - 2026

### ആമുഖം

മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിച്ച് പഠനനേട്ടങ്ങൾ പൂർണമായ അർത്ഥത്തിൽ കൈവരിക്കുന്നതിനാണ് ക്ലാസ് മുറികളിൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. ക്ലാസ് മുറികളിൽ ഉപയോഗിക്കപ്പെടുന്ന ഏത് സങ്കേതത്തേയും വിദ്യാഭ്യാസ സാങ്കേതികവിദ്യയായി കണക്കാക്കാം. പഠനനേട്ടങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുന്ന സാങ്കേതങ്ങളുടേയും രീതികളുടെയും മാധ്യമങ്ങളുടെയും ഒരു ശാസ്ത്രമായി വിദ്യാഭ്യാസസാങ്കേതികവിദ്യയെ കാണാം, മികച്ചതും കൂടുതൽ ഉൽപാദനക്ഷമവുമായ പഠന സംവിധാനങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനും സുഗമമാക്കുന്നതിനുമുള്ള ഒരു മാർഗ്ഗം കൂടിയാണിത്.

ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ കടന്നുവരവിന് മുമ്പുതന്നെ ക്ലാസ് മുറികളിൽ അധ്യാപകരുടെയോ വിദ്യാഭ്യാസ വിദഗ്ധരുടെയോ ഭാവന കൊണ്ടോ കരവിരുതുകൊണ്ടോ സൃഷ്ടിച്ചെടുത്ത പഠനസാമഗ്രികളൊക്കെത്തന്നെയും വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ വിശാല സീമയിൽപ്പെടുന്നു. കാലാന്തരത്തിൽ വിദ്യാഭ്യാസ സാങ്കേതികവിദ്യയെക്കുറിച്ചുള്ള കാഴ്ചപ്പാട് വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം മാത്രമായി പരിമിതപ്പെട്ടു. വിവരവിനിമയ സാങ്കേതികവിദ്യ എന്നത്, വിദ്യാഭ്യാസ സാങ്കേതികവിദ്യയിലെ അനേകം സങ്കേതങ്ങളിൽ ഒന്ന് മാത്രമാണ് എന്ന യാഥാർത്ഥ്യം നാം ഓർക്കേണ്ടതുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യക്കപ്പുറം വിദ്യാർത്ഥികളിൽ പഠന ഉള്ളടക്കം വിനിമയം ചെയ്യുന്നതിനായി പ്രയുക്തശാസ്ത്രത്തിന്റെയോ കരകൗശലവിദ്യയുടെയോ മറ്റു തരത്തിലുള്ള പ്രയോഗരീതികളുടെയോ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതെന്തും വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ പ്രയോഗമാണ്. ക്ലാസ് മുറികളിലെ സാങ്കേതിവദിയുടെ ഉപയോഗം പഠനപ്രക്രിയയും പ്രവർത്തനങ്ങളും കൂടുതൽ ആകർഷകമാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഉചിതമായ സാങ്കേതികവിദ്യ കുട്ടിയുടെ അക്കാദമിക നേട്ടവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും കുട്ടികളെ പ്രചോദിപ്പിക്കുകയും ചെയ്യും. എന്നാൽ സാങ്കേതികവിദ്യയുടെ വിവേചനരഹിതമായ ഉപയോഗം കുട്ടിയുടെ മാനസിക, ശാരീരിക സുസ്ഥിതിയെ ഇല്ലാതാക്കും എന്ന സത്യവും മറന്നുകൂടാ. ഇവയുടെ വിവേകപൂർണമായ ഉപയോഗം ക്ലാസ് മുറികളിൽ ഉറപ്പാക്കാൻ അധ്യാപകർ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്. ക്ലാസ് മുറികളിലെ സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ ഉപയോഗം ഉറപ്പാക്കാനും, പുത്തൻ സങ്കേതങ്ങൾ പരിചയപ്പെട്ട് അവ പ്രയോഗത്തിലെത്തിക്കാനും, അധ്യാപകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്ന വിവിധ പ്രവർത്തനങ്ങളാണ് ഇ.ടി ക്ലബ്ബുകൾ മുഖേന എസ്.ഐ.ഇ.ടി വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് ഇ.ടി ക്ലബ്ബുകളിൽ അധ്യാപകരും കുട്ടികളും പങ്കാളികളാകുന്നത്. സ്കൂൾതലം മുതൽ അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളായ ITE (D.EL.Ed) തലം വരെ ഈ ഇ.ടി ക്ലബ്ബ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### പ്രധാന ലക്ഷ്യങ്ങൾ

- വിദ്യാലയങ്ങളെയും അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ആധുനിക അക്കാദമിക മികവിന്റെ കേന്ദ്രങ്ങളാക്കുക.
- ആശയവിശകലനങ്ങൾക്കും പഠനപ്രക്രിയ ലളിതമാക്കുന്നതിനും വിദ്യാഭ്യാസ സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അധ്യാപകർക്കും കുട്ടികൾക്കും പരിശീലനം നൽകുക.
- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), വിഷ്വൽ ടെക്നോളജി, AR/VR, ഗെയ്മിഫിക്കേഷൻ തുടങ്ങിയ നൂതന സാങ്കേതങ്ങൾ അധ്യയന പഠന പ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
- പാഠ്യവിഷയങ്ങളിലെ പ്രയാസമേറിയ ഭാഗങ്ങൾ (Hard Spots) ലളിതമാക്കുന്നതിന് അനുയോജ്യമായ ഡിജിറ്റൽ പഠനോപകരണങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ വികസിപ്പിക്കുക.
- സാങ്കേതികവിദ്യയുടെ ദുരുപയോഗം, അമിതോപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ- മാനസിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകുക.
- ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും അധ്യാപകർക്കും പഠനബോധന പ്രക്രിയയിൽ തുണയാകുന്ന സാങ്കേതികവിദ്യകളും ഉപകരണങ്ങളും വികസിപ്പിക്കുക.

# ഇ.ടി ക്ലബ്ബ് സംഘടനാ ഘടന

## സ്കൂൾതലം (School Level)

സ്കൂളുകളിൽ പ്രവർത്തനക്ഷമതയും ബോധനപരമായ പിന്തുണയും (Practicability & Pedagogical Support) ഉറപ്പാക്കുന്നതിനായി യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി, വി.എച്ച്.എസ്.ഇ (UP, HS, HSS,VHSS) വിഭാഗങ്ങളുടെ പ്രാതിനിധ്യമുള്ള ഇ.ടി ക്ലബ്ബ് (**സ്കൂൾ ഒരു യൂണിറ്റായി പരിഗണിച്ച്**) ആണ് രൂപീകരിക്കേണ്ടത്. സ്കൂൾ ഇ.ടി ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി **ഇ.ടി ക്ലബ്ബ് സ്കൂൾ ഏകോപന സമിതി** (**School Coordination Committee - ET**) ഉണ്ടായിരിക്കണം. എല്ലാ വിഭാഗം വിദ്യാർത്ഥികളെയും , അധ്യാപകരെയും (UP, HS, HSS, VHSS) ഉൾക്കൊള്ളിച്ച് താഴെ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇ.ടി ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്.

**സ്കൂൾ ഏകോപന സമിതി (School Coordination Committee)**

* **ചെയർമാൻ:** പ്രിൻസിപ്പൽ
* **വൈസ് ചെയർമാൻ:** ഹെഡ്മാസ്റ്റർ
* **കോർഡിനേറ്റർ** : പ്രിൻസിപ്പൽ (വിഎച്ച്എസ്ഇ ഉള്ള സ്കൂളുകളിൽ മാത്രം)
* **ജനറൽ കൺവീനർ:** അധ്യാപക പ്രതിനിധി (HSS/VHSE/HS/UP വിഭാഗങ്ങളിൽ നിന്നുള്ള അധ്യാപകൻ/അധ്യാപിക)
* **സ്റ്റുഡന്റ് കോർഡിനേറ്റർമാർ** : തെരഞ്ഞെടുക്കപ്പെട്ട 2 വിദ്യാർത്ഥി പ്രതിനിധികൾ

**അംഗങ്ങൾ**

1. യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വി.എച്ച്.എസ്.സി (UP, HS, HSS, VHSE) വിഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ (**പരമാവധി 30 പേർ**)

2. യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വി.എച്ച്.എസ്.സി (UP, HS, HSS, VHSE) വിഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർ

3. പി.ടിഎ/എം.പി.ടിഎ/എസ്എംസി പ്രതിനിധികൾ (1 ആൾ)

**പ്രത്യേക നിർദ്ദേശങ്ങൾ**

1. ഹയർസെക്കന്ററി (HSS) വിഭാഗമുള്ള സ്കൂളുകളിൽ പ്രിൻസിപ്പൽ ആയിരിക്കും സമിതിയുടെ ചെയർമാൻ

2. ഹൈസ്കൂളും യു.പിയും (HS&UP) മാത്രമുള്ള സ്കൂളുകളിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ചെയർമാനായിരിക്കും

3. യു.പിയും എൽ.പിയും (UP & LP )മാത്രമുള്ള സ്കൂളുകളിൽ യു.പി സ്കൂൾ ഹെഡ്മാസ്റ്റർ (HM) ചെയർമാനായിരിക്കും.

4. വി.എച്ച്.എസ്.ഇ (VHSE) വിഭാഗമില്ലാത്ത വിദ്യാലയങ്ങളിൽ കോർഡിനേറ്റർ തസ്തിക ഉണ്ടായിരിക്കുന്നതല്ല.

5. സ്കൂളിലെ ഓരോ വിഭാഗത്തിലെയും (UP,HS, HSS, VHSS) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അർഹമായ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് **ഇ.ടി ക്ലബ്ബിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം പരമാവധി 30 ആയി നിജപ്പെടുത്തേണ്ടതാണ്.**

6. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും (Differently abled) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും (Marginalized Sections) ക്ലബ്ബിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

7. അധ്യാപകരെ തെരഞ്ഞെടുക്കുമ്പോൾ ഓരോ വിഭാഗത്തിനും (UP,HS, HSS, VHSS) പ്രത്യേകം പ്രാതിനിധ്യം നൽകണം. ഓരോ സെക്ഷനിലേയും അധ്യാപകരുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപകരെ അംഗങ്ങളായി ചേർക്കാം. അധ്യാപകരുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതില്ല.

## ഇ.ടി ക്ലബ്ബ് വിദ്യാർത്ഥി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ (Student Selection Criteria)

സ്കൂൾ ഏകോപന സമിതിയുടെ നേതൃത്വത്തിൽ സുതാര്യവും ശാസ്ത്രീയവമായി രീതിയിലൂടെയായിരിക്കണം ഇ.ടി ക്ലബ്ബിലേക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടത്. ഇതിനായി താഴെ പറയുന്ന പ്രധാന മാനദണ്ഡങ്ങൾ പരിഗണിക്കാവുന്നതാണ്.

◆ **സാങ്കേതിക അഭിരുചി (Technical Aptitude)**

- ഡിജിറ്റൽ ഉപകരണങ്ങൾ, കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മൊബൈൽ ആപ്പുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിലുള്ള താൽപര്യവും അടിസ്ഥാന ധാരണയും.
- ഓൺലൈൻ ടൂളുകൾ, പുതിയ സോഫ്റ്റ് വെയറുകൾ എന്നിവ വേഗത്തിൽ ഗ്രഹിക്കാനും പഠിച്ചെടുക്കാനുമുള്ള താൽപര്യം. * ലളിതമായ ഒബ്ജക്ടീവ് മാത്രകയിലുള്ള 'അഭിരുചി പരീക്ഷ' (Aptitude Test) വഴിയും ഇത് വിലയിരുത്താം.

◆ **പ്രത്യേക നൈപുണ്യം (Skill Assessment)**

കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്/കോഡിംഗ്, ടൈപ്പിംഗ്, ഡിജിറ്റൽ ചിത്രരചന, കാൻവ പോലുള്ള ഡിസൈനിംഗ് ടൂളുകളുടെ ഉപയോഗം

* വിഷ്വൽ മീഡിയ രംഗത്തെ പ്രാഥമിക അറിവുകൾ (ഫോട്ടഗ്രഗി, വീഡിയോഗ്രഫി, സൗണ്ട് റെക്കോർഡിംഗ്, വീഡിയോ എഡിറ്റിംഗ്)

* ചെറിയ പ്രായോഗിക പ്രവർത്തനങ്ങൾ (Skill Test/Practical Task) നൽകി വിദ്യാർത്ഥികലുടെ ശേഷി പരിശോധിക്കാം.

◆ **സർഗാത്മകതയും നവീകരണശേഷിയും (Creativity & Innovation)**

- പഠനപ്രക്രിയ ലളിതമാക്കാൻ സാങ്കേതിവിദ്യ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ക്രിയാത്മക ആശയങ്ങൾ
- ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണ ശേഷി (പോസ്റ്റർ നിർമ്മാണം, ഗ്രസ്വ വീഡിയോകൾ/റീലുകൾ തയ്യാറാക്കൽ, ഡിജിറഅറൽ സ്റ്റോറി ടെല്ലിംഗ്)
- പഠനവിഷയങ്ങളിൽ ആശയങ്ങൾ ലളിതമായി അവതരിപ്പിക്കാനുള്ള ഭാവനാശേഷി

◆ **പ്രശ്നപരിഹാരശേഷിയും സാങ്കേതികകൗതുകവും ((Problem- Solving & Curiosity)**

- ദൈനംദിന ജീവിതത്തിലെയും വിദ്യാലയത്തിലെയും ലളിതമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാങ്കേതികവിദ്യയെ ഉപയോഗിക്കാനുള്ള താൽപര്യം.
- ആർട്ടിഫിഷ്വൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഇന്റർനെറ്റ് സേവനങ്ങൾ തുടങ്ങിയ ആധുനികമേഖലകളോടുള്ള അന്വേഷണാത്മക മനോഭാവം.

◆ **ആശയവിനിമയും സംഘപ്രവർത്തന മികവും (Communication & Team work)**

- സഹപാഠികളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള സന്നദ്ധത
- പുതിയ സാങ്കേതിക ആശയങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാനും വിനിമയം ചെയ്യാനുമുള്ള ആശയവിനിമയ പാടവം

## അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ITE/D.El.Ed Level)

ഭാവി അധ്യാപകരിൽ വിദ്യാഭ്യാസ സാങ്കേതികവിദ്യാ നൈപുണ്യം ഉറപ്പാക്കുന്നതിനായി ജില്ലയിലെ ഗവൺമെന്റ് /എയ്ഡ്ഡ് ITE-കളിൽ (Institute of Teacher Education) പ്രത്യേക ഇ.ടി ക്ലബ്ബുകൾ രൂപീകരിക്കേണ്ടതാണ്.

- പ്രവർത്തനങ്ങൾ ഡയറ്റ് ഫാക്കൽറ്റിയും ബന്ധപ്പെട്ട സ്ഥാപന മേധാവിയും നേതൃത്വം നൽകുന്നതായിരിക്കും.

◆ **ചുമതലകൾ - സ്കൂൾ തലം**

- സ്കൂൾ തലത്തിൽ ഇ.ടി ക്ലബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൽക്ക് നേതൃത്വം നൽകുക.
- സ്കൂൾ തലത്തിൽ അധ്യാപകർക്ക് വിദ്യാഭ്യാസസാങ്കേതിക മേഖലയിൽ ഉണ്ടാകുന്ന തൂതന ആശയങ്ങൾ കൈമാറുന്നതിന് വേണ്ടിയുള്ള ശിൽപശാലകൾ സംഘടിപ്പിക്കുക.
- പഠന സാമഗ്രിനിർമാണ ശിൽപശാലകൾ സംഘടിപ്പിക്കുക

○ സ്കൂൾ തലത്തിൽ കുട്ടികൾക്കായി പ്രതിഭാപോഷണ പരിപാടികൾ സംഘടിപ്പിക്കുക.

○ വിദ്യാഭ്യാസ ജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം എന്നി ഘടകങ്ങൾ സംഘടിപ്പിക്കുന്ന ശിൽപശാലകൾ, പരിശീലനങ്ങൾ, എന്നിവയിൽ പങ്കെടുക്കുക, ലഭ്യമാകുന്ന അറിവും അനുഭവങ്ങളും സഹപാഠികൾക്കും, സഹാധ്യാപകർക്കും കൈമാറുന്നതിനുള്ള ചർച്ചകളും സ്കൂൾതല പരിശീലനങ്ങളും സംഘടിപ്പിക്കുക

○ സ്ഥാപനമേധാവികളുടെ നേതൃത്വത്തിൽ ഇ.ടി ക്ലബിന്റെ പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തപ്പെടേണ്ടതാണ്. മാസത്തിൽ ഒരിക്കൽ എല്ലാ അധ്യാപകരുടെയും ഒന്നിച്ചുള്ള കൂടിയിരിപ്പും ചർച്ചയും നടക്കണം (ഇക്കാര്യം ജനറൽ കൺവീനർ ഉറപ്പുവരുത്തണം) അധ്യാപകർക്ക് വിദ്യാഭ്യാസ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പുതിയ ആശയങ്ങളോ പുതിയ സാമഗ്രികൾ വികസിപ്പിക്കാനുള്ള പുതിയ പദ്ധതികളോ ഉണ്ടെങ്കിൽ അത് അവതരിപ്പിക്കാം. ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ജില്ലാ സംസ്ഥാനതല പിന്തുണ ആവശ്യമുണ്ടെങ്കിൽ സ്കൂൾ ഇ.ടി ക്ലബിന് ആ പദ്ധതി ഡയറ്റുകളിൽ സമർപ്പിക്കാവുന്നതാണ്.

## വിദ്യാഭ്യാസ ജില്ലാതലം (Educational District Level Committee)

### ◆ ഘടന

○ **ചെയർമാൻ:** ജില്ലാ വിദ്യാഭ്യാസ ഓഫീസർ (DEO)

○ **ജില്ലാ വിദ്യാഭ്യാസ കോർഡിനേറ്റർ:** ഡയറ്റ് ഫാക്കൽറ്റി (DIET Faculty)

○ **ജില്ല വിദ്യാഭ്യാസ കൺവീനർ:** ഹൈസ്കൂൾ വിഭാഗം പ്രതിനിധി (HS Section -ET Club കൺവീനർ)

### ◆ അംഗങ്ങൾ (Members)

1. **എ.ഇ.ഒ പ്രതിനിധി** (AEO Representative)
2. ITE **പ്രിൻസിപ്പൽ പ്രതിനിധി**
3. **ഹൈസ്കൂൾ** (HS) **വിഭാഗം പ്രതിനിധി**
4. **ഹയർസെക്കന്ററി** (HSS)**വിഭാഗം പ്രതിനിധി**
5. **വൊക്കേഷണൽ ഹയർ സെക്കൻഡറി** (VHSE) **വിഭാഗം പ്രതിനിധി**
6. **യു.പി** (UP)**വിഭാഗം പ്രതിനിധി**

### ◆ പ്രത്യേക നിർദ്ദേശങ്ങൾ

1. **എ.ഇ.ഒ പ്രതിനിധിയുടെ തെരഞ്ഞെടുപ്പ്:** സമിതിയിലേക്കുള്ള എ.ഇ.ഒ പ്രതിനിധിയെ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരിക്കും തെരഞ്ഞെടുക്കുക.

2. **വിവിധ വിഭാഗം പ്രതിനിധികളുടെ തെരഞ്ഞെടുപ്പ്**

○ ഹൈസ്കൂൾ വിഭാഗം പ്രതിനിധിയെ ഡി.ഇ.ഒ നേരിട്ട് തെരഞ്ഞെടുക്കേണ്ടതാണ്.

○ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം പ്രതിനിധികളെ അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുമായി കൂടിയാലോച്ച് ഡി ഇ ഒ ക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

3. **കൺവീനർ:** ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി സ്കൂൾതല ഇ.ടി ക്ലബ്ബിന്റെ കൺവീനർ ആയിരിക്കണം.

### ◆ ചുമതലകൾ - വിദ്യാഭ്യാസ ജില്ലാതലം

○ ജില്ലാതലത്തിൽ നിന്നുള്ള പരിപാടികളെ ഏകോപിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസജില്ലയിൽ പരിപാടികൾ വിജയകരമായി നടപ്പിലാക്കുക.

○ അതത്വിദ്യാഭ്യാസജില്ലകളിലെ ജീവിതപരിസരം, ഭൂമിശാസ്ത്രം, സംസ്കാരം തുടങ്ങി വിദ്യാഭ്യാസജില്ലയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് പഠനസാമഗ്രികൾ സജ്ജമാക്കുക.

○ വിദ്യാഭ്യാസമേഖലയിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സാങ്കേതികവിദ്യയെ നവീകരിക്കുന്നതിനും വിവിധതലങ്ങളിൽ കൃത്യമായി എത്തിക്കുന്നതിനും വേണ്ടിയുള്ള ഒരു റിസോഴ്സ് ഗ്രൂപ്പായി പ്രവർത്തിക്കുക.

- വിദ്യാഭ്യാസജില്ലാതലത്തിൽ നടക്കുന്ന ശിൽപശാലകൾ, ഇ.ടി മേളകൾ തുടങ്ങി എല്ലാത്തരം വിദ്യാഭ്യാസസാങ്കേതിക പരിപാടികൾക്കും നേതൃത്വപരമായ പങ്കാളിത്തം വഹിക്കുക.

ജില്ലാതലത്തിൽ പഠനസാമഗ്രികളുടെ വിഭവസമാഹാരം തയ്യാറാക്കുന്നതിലേക്കായി അതത്വിദ്യാഭ്യാസ ജില്ലകളുടെ സംഭാവന ഉറപ്പാക്കുക. രണ്ട് മാസത്തിൽ ഒരിക്കൽ വിദ്യാഭ്യാസജില്ലാതല കമ്മിറ്റി ചേർന്ന് വിദ്യാഭ്യാസ ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. (ഇക്കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ കോർഡിനേറ്റർ നേതൃത്വം വഹിക്കണം-DIET ഫാക്കൽറ്റി)

## ജില്ലാ തലം (District Level Committee)

### ◆ ഘടന

- **ചെയർമാൻ** : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
- **ജില്ലാ കൺവീനർ** : പ്രിൻസിപ്പൽ, ഡയറ്റ് (DIET principal)
- **ജില്ലാ കോർഡിനേറ്റർ** : ഡയറ്റ് സീനിയർ ലക്ചറർ (ET)
- **ജില്ലാ ജോയിന്റ് കോർഡിനേറ്റർമാർ** : ഡയറ്റ് ലക്ചർ (ET) അല്ലെങ്കിൽ ഡയറ്റ് പ്രിൻസിപ്പൽ തീരുമാനിക്കുന്ന മറ്റ് ഫാക്കൽറ്റി അംഗം.

### ◆ ജോയിന്റ് കോർഡിനേറ്റർമാർ (Joint Coordinators)

1. HSS വിഭാഗം കൺവീനർ
2. VHSE വിഭാഗം കൺവീനർ
3. HS വിഭാഗം കൺവീനർ
4. UP വിഭാഗം കൺവീനർ
5. ITE വിഭാഗം പ്രതിനിധി (D.E.I.ED)

### ◆ എക്സ് ഒഫിഷ്യോ അംഗങ്ങൾ

- ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
- ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ (പരമാവധി 2 പേർ)
- IT/AI/വിഷ്വൽ മീഡിയ വിദഗ്ദ്ധർ (പരമാവധി 2 പേർ)

### ◆ പ്രത്യേക നിർദ്ദേശങ്ങൾ

- ജോയിന്റ് കോർഡിനേറ്റർമാരുടെ തിരഞ്ഞെടുപ്പ് : അതാത് ഡയറ്റ് പ്രിൻസിപ്പൽമാർ ജില്ലാ വിദ്യാഭ്യാസ ഓഫീർമാരുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്. (ഹയർ സെക്കന്ററി, വി.എച്ച്.എസ്.ഇ വിഭാഗങ്ങളുടെ കൺവീനർമാരെ അതാത് മേഖലയിലെ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ഡി.ഇ.ഒ മാർ ഇതിനോടകം തിരഞ്ഞെടുത്തിട്ടുള്ളതാണ്).
- രക്ഷാധികാരികൾ : ബന്ധപ്പെട്ട ആർ.ഡി.ഡി (HSS), എ.ഡി (VHSE).

### ◆ ചുമതലകൾ – ജില്ലാ തലം

- സംസ്ഥാനത്തിൽ നിന്നുള്ള പരിപാടികളെ ഏകോപിപ്പിച്ചുക്കൊണ്ട് ജില്ലയിൽ പരിപാടികൾ വിജയകരമായി നടപ്പിലാക്കുക.
- അതത് ജില്ലകളിലെ ജീവിതപരിസരം, ഭൂമിശാസ്ത്രം, സംസ്കാരം തുടങ്ങി ജില്ലയുടെ സാധ്യതകൾ പരമാവധി ഉപയോഗപെടുത്തി പഠനസാമഗ്രികൾ സജ്ജമാക്കുക.
- സാങ്കേതികവിദ്യയെ ബന്ധിപ്പിച്ചുക്കൊണ്ട് അവയുടെ ഗുണവശങ്ങൾ വിദ്യാഭ്യാസമേഖലയിലെ വിവിധതലങ്ങളിൽ കൃത്യമായി എത്തിക്കുന്നതിന് വേണ്ടിയുള്ള ഒരു റിസോഴ്സ് ഗ്രൂപ്പായി പ്രവർത്തിക്കുക.
- ജില്ലാതലത്തിൽ നടക്കുന്ന ശിൽപശാലകൾ, ഇ.ടി മേളകൾ തുടങ്ങി എല്ലാത്തരം വിദ്യാഭ്യാസസാങ്കേതിക പരിപാടികൾക്കും നേതൃ

ത്വപരമായ പങ്കാളിത്തം വഹിക്കുക.

- സംസ്ഥാനതലത്തിൽ പഠനസാമഗ്രികളുടെ വിഭവസമാഹാരം, ശില്പശാലകൾ, അധ്യാപക - വിദ്യാർത്ഥി ശാക്തീകരണ പരിപാടികൾ എന്നിവയിൽ ജില്ലയിലെ അംഗംങ്ങളുടെ സാന്നിധ്യം. രണ്ട് മാസത്തിൽ ഒരിക്കൽ ജില്ലാതല കമ്മറ്റി ചേർന്ന് ജില്ലാതലപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## സംസ്ഥാന തലം (STATE LEVEL)

### ◆ ഘടന

ചെയർമാൻ : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

വൈസ് ചെയർമാൻ : പൊതുവിദ്യാഭ്യാസ സെക്രട്ടറി

ജനറൽ കൺവീനർ : ഡയറക്ടർ.(SIET)

സ്റ്റേറ്റ് കോർഡിനേറ്റർ : സീനിയർ അക്കാദമിക് കോർഡിനേറ്റർ,(SIET)

**രക്ഷാധികാരി :**

പൊതുവിദ്യാഭ്യാസ ഡയറക്ടർ (DGE)

**അംഗംങ്ങൾ**

CIET-NCERT പ്രതിനിധി

ഡയറക്ടർ എസ്.സി.ഇ.ആർ.ടി

ഡയറക്ടർ ദൂരദർശൻ

ഡയറക്ടർ എ.ഐ.ആർ

ജോയിന്റ് ഡയറക്ടർ (എച്ച്.എസ്.എസ്)

ഡെപ്യൂട്ടി ഡയറക്ടർ വി.എച്ച്.എസ്.ഇ

സാങ്കേതിക/വിഷ്വൽ മീഡിയ/AI വിദഗ്ദ്ധർ.

**◆ സംസ്ഥാനതല സമിതിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും**

**1. സയരൂപീകരണവും മേൽനോട്ടവും (Policy Formulation & Strategic Guidance)**

സംസ്ഥാനത്തെ സ്കൂൾതല വിദ്യാഭ്യാസ സാങ്കേതിക (ഇ.ടി) ക്ലബുകളുടെ പ്രവർത്തനങ്ങൾക്കുള്ള പൊതുനയങ്ങളും മാർഗ്ഗരേഖകളും രൂപീകരിക്കുക.

ദേശീയ വിദ്യാഭ്യാസ നയങ്ങൾക്കും സാങ്കേതിക മുന്നേറ്റങ്ങൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യുക

**2. പാഠ്യപദ്ധതി സാങ്കേതിക വിന്യാസം (Curriculum Integration with ET & AI)**

പാഠ്യപദ്ധതിയിൽ വിഷ്വൽ മീഡിയ,ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിജിറ്റൽ സാങ്കേതികവിദ്യകൾ എന്നിവ ഫലപ്രദമായി സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

CIET-NCERT, SCERT എന്നിവയുടെ സഹകരണത്തോടെ ഗുണമേൻമയുള്ള ഡിജിറ്റൽ ഉള്ളടക്ക് നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുക.

**3. വകുപ്പുതല ഏകോപനം (Inter- Departmental Coordination)**

പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗങ്ങൾ (ജനറൽ, HSS, VHSE) തമ്മിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

* ദൂരദർശൻ, ആകാശവാണി, വിക്ടേഴ്സ് തുടങ്ങിയ മാധ്യമങ്ങളിലൂടെ വിദ്യാഭ്യാസ ഉള്ളടക്കങ്ങളുടെ പ്രക്ഷേപണവും ഡിജിറ്റൽ വ്യാപനവും ഉറപ്പുവരുത്തുക.

**4. വിഭവസമാഹരണവും സാമ്പത്തിക ആസൂത്രണവും** (Resources Allocation & Budgeting)

* പദ്ധതികളുടെ സമുഗമമായ നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക, ഭൗതിക വിഭവങ്ങൾ വകയിരുത്തുകയും നിരീക്ഷിക്കുകയും ചെയ്യുക.

* ജില്ലാ, ഉപജില്ല, സ്കൂൾതല സമിതികൾക്ക് ആവശ്യമായ ധനസഹായവും സാങ്കേതിക പിന്തുണയും ഉറപ്പാക്കുക

**5. ശേഷിവികസനവും അധ്യാപക ശാക്തീകരണവും** (Monitoring , Review & Evaluation)

*ജില്ലാതല സമിതികളുടെ പ്രവർത്തന പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുക.

* സംസ്ഥാനതല വിദ്യാഭ്യാസ സാങ്കേതികമേളകൾ, ഹ്രസ്വചിത്ര/മീഡിയ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും അംഗീകാരങ്ങൾ നൽകുകയും ചെയ്യുക.

തിരുവനന്തപുരം
22.09.2026

STATE INSTITUTE OF EDUCATIONAL TECHNOLOGY
KERALA
* THIRUVANANTHAPURAM *

**ഡയറക്ടർ**
എസ്.ഐ.ഇ.ടി
കേരളം

## ഇ.ടി ക്ലബ്ബ് പ്രവർത്തന കലണ്ടർ 2026

| നമ്പർ | തീയതി | പ്രവ ർ ത്തനം | ചുമതല |
|---|---|---|---|
| 1 | 26.09.26 | ഇ.ടി ക്ലബ്ബ് രൂപീകരണ മാർഗ്ഗരേഖ സ്കൂളുകളിൽ ലഭ്യമാക്കുന്നു | SIET |
| 2 | 29.09.26 | ഡയറ്റുകളിലെ ഇ.ടി ക്ലബ്ബ് കോർഡിനേറ്റർമാരുടെ ഓൺലൈൻ പരിശീലനം | SIET |
| 3 | 6.10.26 | ഇ.ടി ക്ലബ്ബ് സ്കൂൾ ഏകോപന സമിതി (കോർഡിനേഷൻ കമ്മിറ്റി) അംഗങ്ങളുടെ വിവരശേഖരണം (ഗൂഗിൾ ഫോം) ഉപയോഗിച്ച് | DIET |
| 4 | 08.10.26 | സ്കൂൾ ഇ.ടി ക്ലബ്ബ് കൺവീനർമാർക്കുള്ള ഓൺലൈൻ പരിശീലനം | DIET |
| 5 | 12.10.26 | ജില്ലാതല ഇ.ടി ക്ലബ്ബ് അംഗങ്ങളുടെ പേര് വിവരം എസ്.ഐ.ഇ.ടിക്ക് കൈമാറുന്നു | DIET |
| 6 | 14.10.26 | സ്കൂൾതല ഇ.ടി അംഗങ്ങളായ കുട്ടികളെ തെരഞ്ഞെടുക്കുന്നു. | Schools |
| 7 | 19.10.26 | സ്കൂൾതല ഇ.ടി ക്ലബ്ബ് രൂപീകരണം ആദ്യയോഗം (എസ്.ഐ.ഇ.ടി നൽകിയിട്ടുള്ള സർക്കുലർ പ്രകാരം) ഇ.ടി ക്ലബ്ബ് അംഗങ്ങളുടെ മുഴുവൻ ലിസ്റ്റും ബന്ധപ്പെട്ട ഡയറ്റുകളിൽ നൽകൽ | Schools |
| 8 | 22.10.26 | ഇ.ടി ക്ലബ്ബ് ലോഗോ പ്രകാശനം ബഹു. വിദ്യാഭ്യാസമന്ത്രി - സംസ്ഥാനതലം | SIET |
| 9 | 26.10.26 | ഇ.ടി ക്ലബ്ബ് സ്കൂൾതല ഉൽഘാടനം ജനപ്രതിനിധികളെ ഉൾപ്പെടുത്തി | Schools |

ഡയറക്ടർ
എസ്.ഐ.ഇ.ടി
കേരളം

STATE INSTITUTE OF EDUCATIONAL TECHNOLOGY
KERALA
THIRUVANANTHAPURAM